**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2905** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഹോസ്റ്റലുകളിലും എം. ആർ. എസുകളിലും നിശ്ചയിച്ചിരിക്കുന്ന വിദ്യാർത്ഥി-കുക്ക് അനുപാതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളിലും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും നിശ്ചയിച്ച് നടപ്പിലാക്കി വരുന്ന വിദ്യാർത്ഥി-കുക്ക് അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കൈപുസ്തക (Hand Book) പ്രകാരം വകുപ്പിന് കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും വിദ്യാർത്ഥി-കുക്ക് അനുപാതം 20:1 എന്ന അനുപാതത്തിലാണ് നിജപ്പെടുത്തിയിട്ടുള്ളത്. പട്ടികജാതി വികസന വകുപ്പിന്റെ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ ഈ അനുപാതം നിലവിൽ ഇല്ല. |
| (ബി) | പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിലും എം. ആർ. എസുകളിലും നടപ്പിലാക്കി വരുന്ന വിദ്യാർത്ഥി-കുക്ക് അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ; | (ബി) | സ.ഉ(സാധാ)നം.415/2025/എസ്.സി.എസ്റ്റി.ഡി.ഡി തീയതി: 26/06/2005 പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ വിദ്യാർത്ഥി കുക്ക് അനുപാതം 30:1 എന്നതാണ്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | സമാന പ്രവർത്തന സ്വഭാവമുള്ള ഈ രണ്ട് വകുപ്പുകളിലും നിലവിലുള്ള, വ്യത്യസ്ത രീതിയിലുള്ള വിദ്യാർത്ഥി-കുക്ക് അനുപാതം പട്ടിക വർഗ്ഗ വിദ്യാർത്ഥികളോടുള്ള വിവേചനമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഏകീകരിച്ച് രണ്ട് വകുപ്പുകളിലും വിദ്യാർത്ഥി -കുക്ക് അനുപാതം 20:1 ആക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | പട്ടികവർഗ്ഗ വികസന വകുപ്പിലെ വിദ്യാർത്ഥി-കുക്ക് അനുപാതം 30:1 എന്നത് 20:1 എന്ന രീതിയിൽ ക്രമപ്പെടുത്തുന്നതിന് പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പട്ടികവർഗ്ഗ വികസന വകുപ്പ് - കുക്ക്, ആയ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ ജോലി സമയം നിശ്ചയിക്കുന്നത് - ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No.829/2020 & OA No. 1267/2021 എന്നിവയിലെ 03.09.2024-ലെ പൊതു ഉത്തരവ് - പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.415/2025/SCSTD തീയതി,തിരുവനന്തപുരം, 26-06-2025

---

പരാമർശം:-

1. സ.ഉ(സാധാ) നം.487/2022/പജപവവിവ, തീയതി 10.05.2022.
2. O.A No.829/2020, OA No.1267/2021 എന്നീ കേസുകളിൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 03.09.2024-ലെ പൊതു ഉത്തരവ്.
3. ശ്രീ. രാമചന്ദ്രൻ കെ.ആർ, കുക്ക് (റിട്ട.) , കുളത്തിൽ പുത്തൻ വീട്, പി.ഒ. നല്ലൂർനാട്, മാനന്തവാടി സമർപ്പിച്ച 28.10.2024-ലെ നിവേദനം.
4. ശ്രീമതി. പുഷ്പവല്ലി. പി.പി, മറ്റത്തിൽ (വീട്), മൈലംമ്പാടി പി.ഒ, പുല്ലുമല, മീനങ്ങാടി സമർപ്പിച്ച 30.10.2024-ലെ നിവേദനം.
5. OA 829/2020 - ൽ ശ്രീ.രാമചന്ദ്രൻ കെ.ആർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കോടതിയലക്ഷ്യ കേസ് (സിവിൽ) നം.39/2025 .
6. OA 1267/2021-ൽ ശ്രീമതി. ബീന കെ.എസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കോടതിയലക്ഷ്യ കേസ് (സിവിൽ) നം.85/2025.
7. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 11.04.2025-ലെ ഇ4/12592/22(2) നമ്പർ കത്ത്.
8. M.A Nos. 672 & 673/2025 of 2025 (in OA 829/2020) -ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 26.05.2025-ലെ ഉത്തരവ്.

<u>ഉത്തരവ്</u>

പട്ടിക വർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള വിവിധ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ /

പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയിൽ കുക്ക്, ആയ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ ജോലി സമയം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട്, ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ. ചന്ദ്രൻ (കുക്ക്, പട്ടികവർഗ്ഗ വികസന വകുപ്പ്) ഫയൽ ചെയ്ത OA No.829/2020 നമ്പർ കേസിലും, ശ്രീമതി. പുഷ്പവല്ലി (ആയ, പട്ടികവർഗ്ഗ വികസന വകുപ്പ്) ഫയൽ ചെയ്ത OA No. 1267/2021 നമ്പർ കേസിലും, ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ , പരാമർശം (2) പ്രകാരം പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പട്ടിക വർഗ്ഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ / പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയിലെ കുക്ക്, ആയ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ ജോലി സമയം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് , അംഗീകൃത സർവീസ് സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (7) പ്രകാരം പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

പരാമർശം (2) പ്രകാരമുള്ള ഉത്തരവ് സമയപരിധിക്കുള്ളിൽ നടപ്പിലാക്കാത്തതിനാൽ ശ്രീ.രാമചന്ദ്രൻ കെ.ആർ, ശ്രീമതി.ബീന കെ.എസ് എന്നിവർ OA No. 829/2020, OA No. 1267/2021 എന്നീ കേസുകളിൽ യഥാക്രമം CP(C)No.39/2025, CP(C)No.85/2025 നമ്പർ കോടതിയലക്ഷ്യ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത പരാമർശം (2)-ലെ ഉത്തരവ് പാലിക്കുന്നതിനുള്ള സമയ പരിധി 30.06.2025-വരെ അനുവദിച്ചുകൊണ്ട് പരാമർശം (8) പ്രകാരം ബഹു.ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടിക വർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള വിവിധ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ / പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയിലെ കുക്ക്, ആയ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ ജോലി സമയം ചുവടെ ചേർക്കും പ്രകാരം നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

I) 'കുക്ക്' തസ്തിക:-

**a) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ (എം.ആർ.എസ്) ജോലി സമയം:-**

എം.ആർ.എസ്-ലെ കുക്ക് തസ്തികയിലെ ജീവനക്കാരുടെ ജോലിസമയം 2 ഷിഫ്റ്റായി ക്രമീകരിക്കുന്നു . ആദ്യ ഷിഫ്റ്റ് രാവിലെ 5.30 മുതൽ ഉച്ചയ്ക്ക് 1.30 വരെയും രണ്ടാമത്തെ ഷിഫ്റ്റ് ഉച്ചയ്ക്ക് 1.30 മുതൽ രാത്രി 9.30 വരെയും ആയി ക്രമീകരിക്കുന്നു.

b) പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ ജോലി സമയം:-

പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ കുക്ക് തസ്തികയിലെ ജീവനക്കാരുടെ ജോലിസമയം 2 ഷിഫ്റ്റായി ക്രമീകരിക്കുന്നു . ആദ്യ ഷിഫ്റ്റ് സമയം രാവിലെ 5.30 മുതൽ ഉച്ചയ്ക്ക് 1.30 വരെയും രണ്ടാമത്തെ ഷിഫ്റ്റ് സമയം ഉച്ചയ്ക്ക് 1.30 മുതൽ രാത്രി 9.30 വരെയും ആയി ക്രമീകരിക്കുന്നു.

വകുപ്പിന് കീഴിലുള്ള *ഹോസ്റ്റലുകളിൽ* 30:1 (30 കുട്ടികൾക്ക് 1 കുക്ക്) അനുപാതം

നിലനിർത്തി, പരാമർശം(1)-ലെ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് , നിലവിലുള്ള കുക്കമാർക്ക് ഓഫ്/അവധി അനുവദിക്കുന്ന ഷിഫ്റ്റുകളിലേയ്ക്ക് മാത്രം, നിശ്ചിത യോഗ്യതയും പരിചയവും ഉറപ്പു വരുത്തി, ദിവസവേതനാടിസ്ഥാനത്തിൽ താത്ക്കാലികമായി ജീവനക്കാരെ നിയമിക്കേണ്ടതാണ്.

II) 'ആയ' തസ്തിക:-

a) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ (എം.ആർ.എസ്) ജോലി സമയം:-

എം.ആർ.എസ്.-ലെ ആയ തസ്തികയിലെ ജീവനക്കാരുടെ ജോലി സമയം, ആദ്യ ഷിഫ്റ്റ് രാവിലെ 8.30 മുതൽ വൈകുന്നേരം 4.30 വരെയും, രണ്ടാമത്തെ ഷിഫ്റ്റ് വൈകുന്നേരം 4.30 മുതൽ പിറ്റേ ദിവസം രാവിലെ 8.30 വരെയും ആയി ക്രമീകരിക്കുന്നു. കൃത്യനിർവഹണം തടസ്സപ്പെടാതെ, രണ്ടാമത്തെ ഷിഫ്റ്റിലുള്ളവർക്ക് രാത്രിയിൽ 8 മണിക്കൂർ വിശ്രമം അനുവദിക്കേണ്ടതാണ്.

b) പ്രീമെട്രിക് ഹോസ്റ്റലുകളിലെ ജോലി സമയം:-

പ്രീമെട്രിക് ഹോസ്റ്റലുകളിൽ ആയ തസ്തികയുടെ ജോലി സമയം വൈകുന്നേരം 5.30-ന് ആരംഭിച്ച് , പിറ്റേ ദിവസം രാവിലെ 8.30 വരെയായി ക്രമീകരിക്കുന്നു. കൃത്യനിർവഹണം തടസ്സപ്പെടാതെ രാത്രിയിൽ 8 മണിക്കൂർ വിശ്രമം അനുവദിക്കേണ്ടതാണ്. അവധി ദിവസങ്ങളിൽ പകൽ സമയം 'ആയ' ഹോസ്റ്റലിൽ ഉണ്ടായിരിക്കേണ്ടതാണ്.

എം ആർ എസ്സുകൾ, പ്രീ/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ എന്നിവയിലെ കുക്ക്, ആയ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ , മേൽ നിശ്ചയിച്ചിരിക്കുന്നതിൻ പ്രകാരമുള്ള ജോലിസമയം, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഉടൻ പ്രാബല്യത്തിൽ വരുത്തേണ്ടതാണ് .

പരാമർശം 2 പ്രകാരമുള്ള O.A No.829/2020, OA No.1267/2021 എന്നീ കേസുകളിൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ള 03.09.2024-ലെ പൊതു ഉത്തരവ്, മേൽ വിവരിച്ചിരിക്കുന്നതിൻ പ്രകാരം , പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.പി.എസ്
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ശ്രീ. ചന്ദ്രൻ, ചെമ്പിലോട് വീട്, കുന്നമംഗലം പി.ഒ, മാനന്തവാടി (via),
വയനാട് - 670645.

ശ്രീ. അവറാൻ ആൻഡ്രൂ, അവറാൻ വീട്, പാലമുക്ക് പി.ഒ, നല്ലൂർനാട്, മാനന്തവാടി, വയനാട് - 670645.

ശ്രീ. കെ.സി. ഹരിദാസ്, കരക്കാട്ട് വീട്, കോട്ടത്തറ പി.ഒ, അട്ടപ്പാടി, പാലക്കാട് - 678581.

ശ്രീ. സുരേഷ് ബാബു. സി.എ, ചക്കുംകര വീട്, കടൽമാട് പി.ഒ, വട്ടവഞ്ചാൽ, വയനാട് - 673581.

ശ്രീ. രാമചന്ദ്രൻ കെ.ആർ, കുളത്തിൽ പുത്തൻ വീട്, നല്ലൂർനാട്, മാനന്തവാടി, വയനാട് - 670645

ശ്രീമതി. ത്രേസ്യ കെ.ഒ, കൊമ്പനനിയിൽ വീട്, ചെറുകാട്ടൂർ പി.ഒ, പനമരം (via), വയനാട് - 670721.

ശ്രീമതി. വിജയലക്ഷ്മി പി.പി, വളലിൽ വീട്, മാനന്തവാടി പി.ഒ, വയനാട് - 670645.

ശ്രീമതി. രവിത. വി, താഴേ വീട്, എള്ളുമന്ദം പി.ഒ, മാനന്തവാടി , വയനാട് - 670645.

ശ്രീമതി. ശാരദ പി, ആവുംകന്ദി വീട്, കമ്മന പി.ഒ, മാനന്തവാടി, വയനാട് - 670645.

ശ്രീമതി. നിഷാകുമാരി. കെ, പൂത്തോപ്പിൽ വീട്, അമ്പുകുത്തി, മാനന്തവാടി പി.ഒ, വയനാട് - 670645.

ശ്രീ. മനോജ്. കെ.സി, ജനി നിവാസ്, തെക്കിനി, തൃശ്ശിലേരി പി.ഒ, കാട്ടിക്കുളം (via), വയനാട് - 670646.

ശ്രീമതി. സരളകുമാരി. പി.കെ, പുതിയൂർ വീട്, പുഴവയൽ, കാട്ടിക്കുളം പി.ഒ, മാനന്തവാടി, വയനാട് - 670645.

ശ്രീ. രാജീവൻ. കെ, കടവത്ത് വീട്, നരിക്കുന്ന് പി.ഒ, അമ്പലവയൽ പി.ഒ, ബത്തേരി, വയനാട് - 763593.

ശ്രീ. അനിൽകുമാർ കെ.പി, മംഗളടി വീട്, എള്ളുമന്ദം പി.ഒ, മാനന്തവാടി , വയനാട് - 670645.

ശ്രീ. കേശവൻ പി.വി, ചാമകളയിൽ വീട്, കോട്ടക്കുന്ന് പി.ഒ, മൊതകര, വയനാട് - 670730.

ശ്രീമതി. ജയ കെ.കെ, മാളിയേക്കൽ വീട്, വേമം പി.ഒ, മാനന്തവാടി, വയനാട് - 670645.

ശ്രീമതി. രുഗ്മിണി. പി, മുളമൂട്ടിൽ വീട്, നീർവാരം പി.ഒ, പരിയാരം , പനമരം, വയനാട് - 670721.

ശ്രീമതി. നിർമല കെ.കെ, പുഴങ്കുന്നുമ്മേൽ, കൈതപ്പൊയിൽ, താമരശ്ശേരി, കോഴിക്കോട് - 673580.

ശ്രീമതി. ഡോളി വി.എം, ഇളയിടത്ത് കുന്നുമ്മേൽ വീട്, പുല്ലൂരാംപ്പാറ പി.ഒ, തിരുവമ്പാട് , കോഴിക്കോട് - 673603.

ശ്രീ. പി.എൻ. സജീവ്, പാറമുള്ളിൽ വീട്, തൃക്കാപ്പേട്ട പി.ഒ, മേപ്പാടി , വയനാട് - 673577.

ശ്രീമതി. പുഷ്പവല്ലി പി.പി, മറ്റത്തിൽ (വീട്), മൈലമ്പാടി പി.ഒ, പുല്ലുമല, മീനങ്ങാടി, വയനാട് - 673591.

ശ്രീമതി. ഹസീന പി.ബി, കാഞ്ഞിരക്കുഴിയിൽ വീട്, നൂൽപ്പുഴ പി.ഒ,
കല്ലൂർ, വയനാട് - 673592.

ശ്രീമതി. ബീന കെ.എസ്, ദേവി നിവാസ്, മടയൂർ, കൽപ്പറ്റ പി.ഒ,
വയനാട് - 673121.

ശ്രീമതി. രബീത പി.ആർ, കളരിക്കൽ വീട്, ഈസ്റ്റ് വാഴപ്പിള്ളി പി.ഒ,
മുളവൂർ, മൂവാറ്റുപ്പുഴ, എറണാകുളം .

ശ്രീമതി. സ്വരൂപ ഭായി, കട്ടേല ക്വാർട്ടേഴ്സ് ബി, ശ്രീകാര്യം,
തിരുവനന്തപുരം - 695017.

ധനകാര്യ വകുപ്പ് ( E-3160784/WW-WW3/103/2025-Fin dt 13/06/2025 പ്രകാരം).

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Rani K C
Date: 26-06-2025 14:15:07

സെക്ഷൻ ഓഫീസർ